**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3989** **15-07-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ വില നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷരിൽ നിന്ന് വിവിധ മില്ലുകൾ മുഖേന സപ്ലൈകോ ഏറ്റെടുത്ത നെല്ലിന്റെ വില കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പാടശേഖരങ്ങളിൽ വിളവെടുപ്പ് ആരംഭിക്കുന്ന സമയത്തു തന്നെ പ്രസ്തുത പാടശേഖരങ്ങളിൽ നിന്നും നെല്ലെടുക്കേണ്ട മില്ലുകൾക്ക് അനുമതി നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള കർഷകരിൽ നിന്നും യഥാസമയം നെല്ല് സംഭരിക്കുന്നു. കർഷകരിൽ നിന്നും നെല്ലെടുത്തശേഷം Point of Sale (POS) മെഷീൻ ഉപയോഗിച്ച് ടി കർഷകർക്ക് പ്രിൻറ് ചെയ്ത നെല്ല് കൈപ്പറ്റ് രസീത് നൽകുന്നു.<br><br>കർഷകർക്ക് നെല്ലിന്റെ വില നൽകുന്നത് വായ്പാടിസ്ഥാനത്തിലാണ്. Paddy Receipt Sheet (PRS) വായ്പാപദ്ധതി എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സപ്ലൈകോ നിലവിൽ 11 ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കർഷകർക്ക് നൽകുന്ന മേൽ പരാമർശിച്ചിട്ടുള്ള നെല്ല് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കർഷകർക്ക് വായ്പയായി നെല്ലിന്റെ വില നൽകുന്നു. ഇതിന്റെ പലിശയടക്കമുള്ള തിരിച്ചടവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇത്തരത്തിൽ നെല്ല് കൈപ്പറ്റ് രസീത് കർഷകർ ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ ബാങ്കുകൾ കർഷകർക്ക് വായ്പ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ഇതേ തുടർന്ന് ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പാഡി പേയ്മെൻറ് ഓഫീസർക്ക് അയച്ച് നൽകുകയും പാഡി പേയ്മെൻറ് ഓഫീസർ ഉടൻതന്നെ ഇതിനനുബന്ധമായി പേ ഓർഡർ തയ്യാറാക്കി ബാങ്കുകൾക്ക് തിരികെ നൽകുകയും ചെയ്യുന്നു. ബാങ്കുകൾ പേ ഓർഡറുകൾ പ്രകാരമുള്ള തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേയ്മെൻറ് ആയി കൈമാറുന്നു. |

| | | | |
|---|---|---|---|
| | | | അപൂർവ്വമായ അവസരങ്ങളിൽ ചുവടെ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. കർഷകർ തങ്ങളുടെ പി.ആർ.എസുമായി ബാങ്കിനെ സമീപിച്ച് ലോൺ നടപടികൾ കൈക്കൊള്ളാതിരിക്കുക.<br>2. കർഷകരുടെ ലോൺ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ ബാങ്കുകൾ കാലതാമസം വരുത്തുക.<br>3. പേ ഓർഡർ കിട്ടിയശേഷവും ബാങ്കുകൾ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകാതെ ഇരിക്കുക. |
| (ബി) | എങ്കിൽ കാലതാമസം കൂടാതെ നെൽവില നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. 2021-22 സീസണിൽ നാളിതുവരെയായി 254058 കർഷകരുടെ പക്കൽ നിന്നും 748375 ടൺ നെല്ല് സംഭരിക്കുകയും 2,47,187 കർഷകർക്ക് നെല്ലിന്റെ വിലയായി 2056.99 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ കൃഷിഭവന് കീഴിലുള്ള പൂക്കോട്-വട്ടണാത്ര പച്ചളിപ്പുറം പാടശേഖരത്തിലെ ശ്രീ എം.കെ. തിലകൻ, മഠത്തിപ്പറമ്പിൽ വീട്, ചെങ്ങാല്ലൂർ എന്ന കർഷകന് മാസങ്ങൾ പിന്നിട്ടിട്ടും നെല്ലിന്റെ വില അനുവദിച്ചു നൽകാത്തത് പരിശോധിക്കുന്നതിനും ഉടൻ അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ശ്രീ. തിലകൻ എം.കെ എന്ന കർഷകന്റെ പക്കൽ നിന്നും 21.02.2022 ൽ 2858 കിലോ നെല്ല് സംഭരിക്കുകയുണ്ടായി. ടി കർഷകന് നെല്ലിന്റെ വിലയിനത്തിൽ 80367 രൂപ നൽകുവാനുണ്ട്. ടിയാൾ പി.ആർ.എസുമായി ബാങ്കിൽ സമീപിച്ചിരുന്നില്ല. കർഷകനുമായി ബന്ധപ്പെടുകയും തുക നൽകുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ